**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 227** **04-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ തുറക്കുന്നതിനു മുൻപുള്ള കോവിഡ് ബോധവല്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് സ്കൂൾ തുറക്കുന്നതിന് മുൻപായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കോവിഡ് പ്രതിരോധ ബോധവൽക്കരണ പരിപാടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സ്കൂളുകൾ നവംബർ മാസം മുതൽ തുറക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കുന്നു എന്ന് ഉറപ്പാക്കുന്നു. 1. ശാരീരിക അകലം പാലിക്കുക. 2. കൈകൾ ഇടയ്ക്കിടെ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകി സാനിറ്റൈസർ ഉപയോഗിച്ച് അണുവിമുക്തമാക്കുക. 3. മാസ്ക് ശരിയായി ധരിക്കുക. 4. പ്രതലങ്ങളും വസ്തുക്കളും മുറികളും കുട്ടികളെ കൊണ്ടുവരുന്ന വാഹനങ്ങളും ഇടവേളകളിൽ അണുവിമുക്തമാക്കുക. 5. കോവിഡ് ലക്ഷണങ്ങൾ തിരിച്ചറിയുക, ലക്ഷണങ്ങളുണ്ടെങ്കിൽ കരുതൽ നിരീക്ഷണത്തിൽ കഴിയുക. 6. അദ്ധ്യാപകർ, അനദ്ധ്യാപകർ, ഡ്രൈവർ, സഹായികൾ തുടങ്ങിയ ജീവനക്കാർ കോവിഡ് വാക്സിനേഷൻ സ്വീകരിക്കുക. സ്കൂൾ തുറക്കുന്നതിന് മുൻപായി ആരോഗ്യ വകുപ്പ് താഴെപറയുന്ന പ്രവർത്തനങ്ങൾ നടത്തുവാനുദ്ദേശിക്കുന്നു. 1. ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ പ്രിൻസിപ്പൽമാർ, ഹെഡ് മാസ്റ്റർമാർ, അദ്ധ്യാപകരക്ഷാകർതൃ സമിതികളുടെ ഭാരവാഹികൾ എന്നിവരുടെ യോഗങ്ങൾ ആരോഗ്യ വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തും. 2. സ്കൂൾ തലത്തിൽ പിടിഎ മീറ്റിംഗുകൾ ക്ലാസ് ചുമതലയുള്ള അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടത്തും. 3. എൻഎസ്എസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, സ്കൗട്ട് ആന്റ് ഗൈഡ്സ് വോളന്റിയർമാർ എന്നിവർക്ക് കോവിഡ് പ്രതിരോധ അനുയോജ്യ പെരുമാറ്റങ്ങളുടെ പാലനത്തെക്കുറിച്ച് പരിശീലനം. 4. കുട്ടികളെ കൊണ്ടു വരുന്ന വാഹനങ്ങളിലെ ജീവനക്കാർക്ക് പരിശീലനം. 5. സ്കൂളിലെ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് പരിശീലനം. 6. കൈകഴുകുന്നതിനും സാനിറ്റൈസ് ചെയ്യുന്നതിനും |

| | | | |
|---|---|---|---|
| | | | കവാടങ്ങളിൽ സൗകര്യം ഒരുക്കുക, ബോധവത്ക്കരണ സാമഗ്രികൾ പ്രദർശിപ്പിക്കുക. കൂടാതെ, സ്കൂൾ തുറക്കുന്നതിനുള്ള അന്തിമ മാർഗ്ഗനിർദ്ദേശങ്ങൾ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് തയ്യാറാക്കുന്നതിലേക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ചേർന്ന് ഇതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | കുട്ടികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് സ്കൂളുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ? | (ബി) | യോഗങ്ങളും പരിശീലനങ്ങളും ഓൺലൈനായോ ഓഫ് ലൈനായോ ജില്ല, പഞ്ചായത്ത്, സ്കൂൾ, ക്ലാസ് തലങ്ങളിൽ നടത്തും. സ്കൂളുകളിൽ പ്രദർശിപ്പിക്കാനായി ബോധവല്ക്കരണ സാമഗ്രികൾ, (പോസ്റ്ററുകൾ, ഓഡിയോ, വീഡിയോ സന്ദേശങ്ങൾ, സ്റ്റിക്കറുകൾ തുടങ്ങിയവ) തയ്യാറാക്കും. സ്കൂൾതലത്തിൽ നടത്തുവാനുദ്ദേശിക്കുന്ന ബോധവത്കരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. 1. ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്ന 'ബി ദ വാരിയർ' കാമ്പയിൻ പ്രവർത്തനങ്ങൾ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കും. കുട്ടികളെ ഇതിൽ പങ്കെടുപ്പിക്കാനായി പോസ്റ്റർ തയ്യാറാക്കൽ, ലേഖനങ്ങൾ, കവിതകൾ, അനുഭവക്കുറിപ്പുകൾ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തും. 2. "ബി ദ വാരിയർ" പ്രതിജ്ഞ ക്ലാസ്സുകളിൽ ചൊല്ലും. 3. സ്കൂളുകളിൽ പോസ്റ്റർ, ബോധവത്കരണ ബോർഡുകൾ പ്രദർശിപ്പിക്കും. 4. പോസ്റ്ററുകൾ, വീഡിയോകൾ, അനിമേഷൻ ചിത്രങ്ങൾ ഇവ തയ്യാറാക്കി സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കും. 5. ബോധവല്ക്കരണ വീഡിയോകൾ വിക്ടേഴ്സ് ചാനലിലൂടെ പ്രദർശിപ്പിക്കും. 6. കുട്ടികളെ കൊണ്ടുവരുന്ന വാഹനങ്ങളിൽ ബോധവല്ക്കരണ സ്റ്റിക്കറുകൾ പ്രദർശിപ്പിക്കും. 7. റേഡിയോ, എഫ്.എം. റേഡിയോകൾ വഴി ബോധവത്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കും. 8. അച്ചടി മാധ്യമങ്ങളിലൂടെ ലേഖനങ്ങൾ, വാർത്തകൾ എന്നിവ നൽകും. |

സെക്ഷൻ ഓഫീസർ